(സി) സ്ഥലമെടുപ്പിന് പ്രത്യേക സംവിധാനത്തിന് രൂപം കൊടുത്തിട്ടുണ്ടോ;

(ഡി) എന്നത്തേക്ക് സ്ഥലമെടുപ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 43.52 ഹെക്ടർ (ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം).

(സി) റെയിൽവേയുടെ പാത ഇരട്ടിപ്പിക്കൽ, ഗേജ് മാറ്റം എന്നീ പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിന് ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന് മന്ത്രിസഭയുടെ അംഗീകാരത്തോടെ രൂപം കൊടുത്തിട്ടുണ്ട്.

(ഡി) റെയിൽവേ 22 സെഗ്മെന്റുകൾക്കാണ് ഭൂമി ആവശ്യപ്പെട്ടിരുന്നത്. അതിൽ 19 സെഗ്മെന്റുകൾക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു. ഒരു സെഗ്മെന്റിന് റെയിൽവേയിൽ നിന്ന് പുതുക്കിയ റിക്വയർമെന്റ് ലഭിക്കാനുണ്ട്. ബാക്കി രണ്ട് സെഗ്മെന്റുകൾക്കുള്ള ഭൂമി റെയിൽവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് കൈമാറാവുന്നതുമാണ്.

തിരുവനന്തപുരം-അംബാസമുദ്രം-തിരുനെൽവേലി റെയിൽപ്പാത

134 [2563] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്തുനിന്ന് അംബാസമുദ്രം വഴി തിരുനെൽവേലിക്ക് പുതിയൊരു റെയിൽവേ ലൈൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രാവർത്തികമെന്നു കണ്ടാൽ നടപടി സ്വീകരിക്കാവുന്നതാണ്.

നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത നിർമ്മാണം

135 [2564] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ബി. വിജയകുമാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തിന്റെ വികസനത്തിന് നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly